(ബി) സ്കാനിംഗ് നടത്താൻ വേണ്ടി ഒരു മാസം കഴിഞ്ഞുള്ള തീയതിയാണ് പല രോഗികൾക്കും നൽകുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതുമൂലം രോഗനിർണ്ണയത്തിനും മരുന്നു തീരുമാനിക്കുന്നതിനും വളരെ കാലതാമസം ഉണ്ടാകുന്നതും രോഗിയുടെ ജീവനുതന്നെ ഭീഷണിയാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മെഡിക്കൽ കോളേജുകളിലെ ഓരോ ആശുപത്രികളിലും ഒരു ദിവസം എത്ര പേർക്ക് സ്കാനിംഗ് നടത്തുന്നുണ്ട്;

(ഇ) കൂടുതൽ സ്കാനിംഗ് യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനു നടപടി സ്വീകരിക്കുമോ;

(എഫ്) മെഡിക്കൽ കോളേജുകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ലബോറട്ടറി, സ്കാനിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുമോ?

ഉത്തരം

(എ)-(എഫ്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ഫസ്റ്റ് റഫറൽ യൂണിറ്റുകളിലെ സൗകര്യങ്ങൾ

143 (1631) ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
ശ്രീ. കെ.പി.എ. മജീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡി.എച്ച്.എസ്സ്-നു കീഴിൽ എത്ര ഫസ്റ്റ് റഫറൽ യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) എഫ്.ആർ.യുകൾ എന്നാണ് അനുവദിച്ചതെന്നും, അവ ഏതൊക്കെ സ്ഥലങ്ങളിലാണ് പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) എഫ്. ആർ.യു കളിൽ എന്തൊക്കെ സൗകര്യങ്ങളാണ് രോഗികൾക്ക് അനുവദിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ സൗകര്യങ്ങളെല്ലാം എഫ്.ആർ.യുകളിൽ നിലവിലുണ്ടോ;

(ഇ) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(എഫ്) എഫ്.ആർ.യുകളിൽ ആവശ്യമായ സൗകര്യങ്ങൾ അടിയന്തിരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(ജി) ഇതിനാവശ്യമായ തുക 2000-2001 വർഷത്തെ ബഡ്ജറ്റിൽ വകകൊള്ളിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 70

(ബി) 12.2.'97-ലെ ജി.ഒ.ആർ.റ്റി.399/97/ആ.കു.വ. പ്രകാരം എഫ് ആർ.യു പ്രവർത്തനം ആരംഭിച്ചു. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.†

(സി) നവജാതശിശുപരിരക്ഷ, ഗർഭിണികൾക്ക് പ്രസവ സംബന്ധമായ സൗകര്യങ്ങൾ ഇവ 24 മണിക്കൂറും ലഭ്യമാക്കുക എന്നതാണ് ഉദ്ദേശം.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി മുതൽ എഫ്) ഘട്ടംഘട്ടമായാണ് ഈ സൗകര്യങ്ങൾ ഏർപ്പെടുത്തി വരുന്നത്. ഇപ്പോൾ 20 എണ്ണത്തിൽ സംവിധാനങ്ങൾ പൂർത്തീകരിച്ച് സർട്ടിഫൈ ചെയ്തിട്ടുണ്ട്. 17 എണ്ണത്തിന്റെ സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന പ്രവർത്തി പുരോഗമിച്ചു വരുന്നു. മറ്റുള്ളവരുടെ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടി ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ത്വരിതപ്പെടുത്തുന്നതാണ്.

(ജി) കേന്ദ്ര സർക്കാരിന്റെ കീഴിൽ യൂണിസെഫ് സ്പോൺസേർഡ് പദ്ധതിയിലാണ് ഇത് നടപ്പിലാക്കിവരുന്നത്

മരുന്നു വാങ്ങുന്നതിനായി ചെലവായ തുക

144(1632)ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. കെ.സി. ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും ആശുപത്രികളിൽ മരുന്നു വാങ്ങുന്നതിനായി എന്തു തുക വീതം ചെലവാക്കിയിട്ടുണ്ട്;

(ബി) മരുന്നു വാങ്ങുന്നതിന് മേൽപ്പറഞ്ഞ ഓരോ വർഷവും ഉണ്ടായ പ്രതിശീർഷ ചെലവ് എത്ര വീതമാണ്;

(സി) ആശുപത്രികളിൽ ഇൻപേഷ്യന്റ് ചികിത്സക്കെത്തിയവരുടെ അടിസ്ഥാനത്തിൽ ഈ ഓരോ വർഷവും ആളൊന്നുക്ക് എന്തു തുകയുടെ വീതം മരുന്നു വാങ്ങി;

(ഡി) മെഡിക്കൽ കോളേജ് ആശുപത്രികൾ, ജനറൽ ആശുപത്രികൾ, ജില്ലാ താലൂക്ക് ആശുപത്രികൾ, പ്രൈമറി ഹെൽത്ത് സെന്ററുകൾ എന്നീ ഗണങ്ങളിൽപ്പെട്ട ഓരോ ആശുപത്രിക്കും ഈ കാലഘട്ടത്തിൽ ഓരോ വർഷവും എന്തു തുകയ്ക്കുള്ള മരുന്നു വീതം നൽകിയിട്ടുണ്ട്;

(ഇ) ആശുപത്രിയിൽ വരുന്ന രോഗികൾക്കാവശ്യമായ എല്ലാ മരുന്നുകളും നൽകുവാൻ സർക്കാരിന് പരിപാടിയുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദാംശം നൽകുമോ?

ഉത്തരം

(എ)-(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) ഇല്ല. എന്നാൽ അത്യാവശ്യമരുന്നുകൾ ഇപ്പോൾ സൗജന്യമായി നൽകി വരുന്നുണ്ട്.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം

145(1633) ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ.പി.എ. മജീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനസമയം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly